# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :– കെ.എം. ദേവിക, ന്യായാധികാരി**

തീയതി : 2025 ഡിസംബർ 23, ചൊവ്വ

(2 പൗഷം, 1947)

**സി.എം.പി. 494 /2025 (എം.സി. 25/2025)**

| | | |
|---|---|---|
| **ഹർജിക്കാർ** | 1. | വിനീത.ആർ, വയസ്സ്: 34, D/o രവീന്ദ്രൻ W/o.പ്രമോദ്, മൂലേപ്പറമ്പിൽ വീട്, ഉല്ലല കര തലയാഴം PO, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| | 2. | വൈഡൂര്യ പ്രമോദ്, വയസ്സ്: 12, D/o പ്രമോദ്, മൂലേപ്പറമ്പിൽ വീട്, ഉല്ലല കര തലയാഴം PO, വൈക്കം താലൂക്ക്, കോട്ടയം ജില്ല. ടിയാൾക്ക് വേണ്ടി മാതാവ് ഒന്നാം ഹർജിക്കാരി |
| | 3. | വൈദേഹി പ്രമോദ് വൈഡൂര്യ പ്രമോദ്, വയസ്സ്: 12, D/o പ്രമോദ്, മൂലേപ്പറമ്പിൽ വീട്, ഉല്ലല കര തലയാഴം PO, വൈക്കം താലൂക്ക്, കോട്ടയം ജില്ല. ടിയാൾക്ക് വേണ്ടി മാതാവ് ഒന്നാം ഹർജിക്കാരി |
| **പ്രതിനിധീകരിക്കുന്നത്** | : | അഡ്വ: വിഷ്ണു പി. എസ് |
| **എതൃകക്ഷി** | | പ്രമോദ്, വയസ്സ്: 40, S/o പ്രകാശൻ, മൂലേപ്പറമ്പിൽ വീട്, ഉല്ലല കര , തലയാഴം PO, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| **വകുപ്പ്** | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 23–)ം വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |
| **നിവൃത്തി** | : | ഹർജി ഭാഗീകമായി അനുവദിച്ചിരിക്കുന്നു. |

GRAM NYAYALAYA
ഗ്രാമ ന്യായാലയ
VAIKOM, NANADAM - 686 143
വൈക്കം, നാനാടം - 686 143

ഈ ഹർജി 23.11.2025 ന് കേൾക്കുകയും ഇന്നേ ദിവസം തന്നെ ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## **ഉത്തരവ്**

ടി ഹർജി ഗാർഹിക പീഡന നിരോധന നിയമം സെക്ഷൻ 23(2) വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളതാകുന്നു.

2. ഹർജിക്കാരി ഹാജരായി. അഭിഭാഷകയാൽ പ്രതിനിധീകരിക്കപ്പെട്ടു. ഹർജിക്കാരി ഭാഗം വാദം കേട്ടു.

3. ടി ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005 വകുപ്പ് 23(2) പ്രകാരം എതൃകക്ഷിക്ക് എതിരെ ബോധിപ്പിക്കുന്ന ഹർജി സത്യവാങ്മൂലം പരിശോധിച്ച് ഹർജിക്കാരി ഭാഗം വാദം കേട്ട് ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005, വകുപ്പ് 2(a) യുടെ നിർവചനത്തിൽ വരുന്ന ആളാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ ടി നിയമത്തിലെ വകുപ്പ് 23(2) പ്രകാരം ടി ഹർജിക്കാർക്ക് പ്രഥമദൃഷ്ട്യാ ഹർജി പ്രകാരമുള്ള നിവർത്തികൾ ലഭിക്കുന്നതിന് അർഹയാണെന്നും എതൃകക്ഷിക്ക് നോട്ടീസ് പോയി വരാനുള്ള കാലതാമസവും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസവും നീതി നിഷേധം ആയേക്കുമെന്ന അനുമാനത്തിൽ അടിയന്തിരമായി പുറപ്പെടുവിക്കുന്ന താൽക്കാലിക എക്സ്പാർട്ടി ഉത്തരവ് ആണിത്.

i. ഹർജിക്കാരിയെയോ കുട്ടികളെയോ മാനസികമായോ ശാരീരികമായോ, ദേഹോപദ്രവം ഏൽപ്പിക്കുകയോ ഗാർഹിക പീഡനം ഏൽപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും, വകുപ്പ് 18(a) പ്രകാരം എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

ii. വ്യക്തിപരമായോ വാക്കാലോ ഒന്നാം ഹർജിക്കാരുയുമായി വിനിമയവും, സമ്പർക്കവും ചെയ്യുന്നതിൽനിന്നും സ്കൂളിലോ വീട്ടിലോ വച്ച് ശല്യം ചെയ്യുകയോ തടസ്സം സൃഷ്ടിക്കുകയോ ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

iii. ഹർജിക്കാർ താമസിക്കുന്ന പങ്ക് പറ്റുന്ന വീട്ടിൽനിന്നും ഹർജിക്കാരെ ബലമായി ഒഴിപ്പിക്കാൻ ശ്രമിക്കുകയോ പങ്ക് പറ്റുന്ന വീട്ടിൽ ഹർജിക്കാർക്കുള്ള കൈവശാവകാശത്തിന്

GRAM NYAYALAYA
ഗ്രാമ ന്യായാലയ
വൈക്കം, നാനാടം - 686 143
VAIKOM, NANADAM - 686 143

ദോഷമോ, ശല്യമോ ഉണ്ടാക്കുകയോ ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

iv. ഹർജിക്കാർ താമസിക്കുന്ന പങ്ക് പറ്റുന്ന വീട് അന്യാധീനപ്പെടുത്തുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

v. ഒന്നാം ഹർജിക്കാരിക്കും കുട്ടികൾക്കുമായി പ്രതിമാസം 5000 (അയ്യായിരം) രൂപ ഇടക്കാല ജീവനാംശം ആയി നൽകുവാൻ എതൃകക്ഷിയോട് നിർദേശിച്ച് ഇതിനാൽ ഉത്തരവാകുന്നു.

vi. ഈ ഉത്തരവിന്റെ പകർപ്പുകൾ സഹിതം എതൃകക്ഷിക്ക് നോട്ടീസ് അയക്കുക.

vii. ഈ ഉത്തരവിന്റെ പകർപ്പുകൾ ഹർജിക്കാരിക്കും, പ്രൊട്ടക്ഷൻ ഓഫീസർക്കും, സ്റ്റേഷൻ ഹൗസ് ഓഫീസർ വൈക്കം എന്നിവർക്കും നൽകുക. SHO വൈക്കം/ പ്രൊട്ടക്ഷൻ ഓഫീസർ ഈ ഉത്തരവ് എതൃകക്ഷിയെ അറിയിക്കേണ്ടതാണ്.

(ഇപ്രകാരം ഇത് ഞാൻ പറഞ്ഞുകൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ചുനോക്കി തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഒക്ടോബർ മാസം 23 ന് ഉത്തരവ് പ്രസ്താവിച്ചിരിക്കുന്നു).

// ശരി പകർപ്പ്//

(ഒപ്പ്/-)

ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം,
വൈക്കം

കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം,
വൈക്കം

ഇതിലേക്ക് പകർത്തുക :-

1. പ്രൊട്ടക്ഷൻ ഓഫീസർ
2. S H O, വൈക്കം
3. പരാതിക്കാർ
4. എതൃകക്ഷി

GRAM NYAYALAYA
ഗ്രാമ ന്യായാലയം
VAIKOM, NANADAM - 686 143

വിധിന്യായം
(ശരി പകർപ്പ്)
സി.എം.പി. നമ്പർ 494/2025
(എം.സി. നമ്പർ 25/2025)
തീയതി : 23.12.2025